# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗ.വ. എൽ. വി. എൽ. പി. സ്കൂൾ ആലപ്ര**

**2025-26**

# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് വേണ്ട ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ മികവുകളും കഴിവുകളും പരമാവധി പരിപോഷിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം. സമന്വയത്തിലൂടെ അടുത്ത തലമുറയെ സാമൂഹിക ബോധമുള്ള പൗരനും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത്. വിദ്യാലയത്തിലെ വിവിധ മേഖലകളിലെ അവസ്ഥാപഠനം കഴിഞ്ഞ് ലഭിച്ച വിവരങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ലക്ഷ്യം.

| SL | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | പ്രവേശനോത്സവം, നവാഗതരെ സ്വീകരിക്കൽ. ഉദ്ഘാടന ചടങ്ങ് | June | SRG | Teachers/PTA |
| 2 | പ്രീ ടെസ്റ്റ്, ഗണിത ശാസ്ത്രം ഭാഷാശേഷികൾ എന്നീ മേഖലകളിൽ കുട്ടി നേടിയിട്ടുള്ള ശേഷികൾ നിരവധി പഠനപ്രവർത്തനങ്ങളിലൂടെ അധ്യാപകൻ കണ്ടെത്തി രേഖപ്പെടുത്തുന്നു തുടർന്നുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിന് ഇത് അധ്യാപകനെ സഹായിക്കും. | June | SRG | Teachers/PTA |
| 3 | നല്ല പാഠം പൊതുകാര്യങ്ങൾ,ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കൽ, വ്യക്തി ശുചിത്വം പരിസര ശുചിത്വം സൗന്ദര്യവൽക്കരണം, ആരോഗ്യം, വ്യായാമം ക്ലാസ് നൽകൽ,ഡിജിറ്റൽ അച്ചടക്കം.പരസ്പര സഹകരണം | June | SRG | Teachers/PTA |
| 4 | പരിസ്ഥിതി ദിനം ഹരിതസേന, പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആണ് പരിസ്ഥിതി ദിന ആഘോഷിക്കുന്നത് പരിസരം മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടാതെ സ്കൂളിൽ ഒരു പച്ചക്കറി തോട്ട വിഭാവനം ചെയ്യുന്നു | June | Science Club | Teachers/PTA |
| 5 | വായനാദിനം -<br>ഒരാഴ്ച നീണ്ടുനിൽക്കുന്ന വായന വാരത്തിലൂടെ നിരവധി പരിപാടികൾ നടപ്പിലാക്കുന്നു,<br>ലോക പുസ്തക ദിനമാകുമ്പോഴേക്കും കുട്ടികൾ 25 പുസ്തകം എങ്കിലും വായിച്ച് കുറിപ്പുകൾ എഴുതി സൂക്ഷിക്കുക എന്നതാണ് ലക്ഷ്യം,വായനവസന്തം, പത്രവായന,ഞാൻ വായിച്ച പുസ്തകം-കുറിപ്പ് | June | വിദ്യാരംഗം | Teachers/PTA |
| 6 | ശില്പശാല -<br>ചിത്രരചന ശില്പശാല സംഘടിപ്പിക്കുന്നു കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുകയും ചെയ്യുന്നു | July | Club | Teachers/PTA |
| 7 | ചാന്ദ്രദിനം -<br>ചന്ദ്രനെക്കുറിച്ച് കൂടുതൽ അറിവ് | July | Club | Teachers/PTA |

| | | | | |
|---|---|---|---|---|
| | നേടുന്നതിനായി മോഡൽ നിർമ്മാണം ചാന്ദ്രദിന ക്വിസ് ചുമർപത്രിക തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു | | | |
| 8 | ക്ലബ്ബ് പ്രവർത്തനങ്ങൾ -<br>ശാസ്ത്ര ക്ലബ്ബ് ഗണിത ക്ലബ്ബ് ഇംഗ്ലീഷ് ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | July | Club | Teachers/PTA |
| 9 | ഹാലോ ഇംഗ്ലീഷ് -<br>പഠിതാക്കളെ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി പരിശീലനം നൽകുന്നു ഇതിനായി ഗെയിമുകൾ റോൾപ്ലേകൾ പരിശീലന ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | July | Club | Teachers/PTA |
| 10 | കൈയ്യക്ഷരം മനോഹരം -<br>വൃത്തിയോടെയും വടിവോടെയും എഴുതാൻ കുട്ടികളെ സഹായിക്കുന്ന പ്രവർത്തനം ഇതിനായി നിരന്തര പരിശീലനം സംഘടിപ്പിക്കുന്നു | 3 Months | SRG | Teachers/PTA |
| 11 | പിറന്നാളിന് ഒരു പുസ്തകം -<br>സ്കൂൾ മിഠായി വിതരണം പ്രോത്സാഹിപ്പിക്കാതെ പിറന്നാളിന് ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു. | July | - | Teachers/PTA |
| 12 | ആരോഗ്യ ബോധവൽക്കരണം -<br>ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | July | Club | Teachers/PTA |
| 13 | സൂംബ ഡാൻസ് ,വ്യായാമം എന്നിവ പരിശീലിപ്പിക്കുന്നു | June | Teachers | Teachers/PTA |
| 14 | പഠനോപകരണ ശില്പശാല -<br>ഓരോ ക്ലാസിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലനത്തിലൂടെ നിർമ്മിക്കുന്നു | July | SRG | Teachers/PTA |
| 15 | സാഹിത്യ ശില്പശാല -<br>വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ കഥ കവിത രചന ശില്പശാലകൾ പുസ്തക ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു | July | വിദ്യാരംഗം | Teachers/PTA |
| 16 | ഒപ്പം -<br>ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ | June - March | SRG | Teachers/PTA |

| | | | | |
|---|---|---|---|---|
| | ഉയർത്തിക്കൊണ്ടുവരുന്നതിനായി നൽകുന്ന പ്രവർത്തനം അക്ഷരക്കാർഡ് വാക്യനിർമാണം ചിത്രത്തിൽ നിന്നും കഥ ബാക്കി എഴുതാൻ കഥാവായന തുടങ്ങിയവ സംഘടിപ്പിക്കുന്നു. ഇതിനായി രാവിലെയും വൈകുന്നേരവും ഉള്ള സമയം വിനിയോഗിക്കുന്നു | | | |
| 17 | എൽ എസ് എസ് പരിശീലനം - കുറഞ്ഞ കാലത്തെ പരിശീലനം കൊണ്ട് നേടിയെടുക്കാൻ ആവുന്ന സ്കോളർഷിപ്പ് അല്ല എൽ എസ് എസ് കുട്ടികൾ നേടിയ അറിവ് പ്രയോഗിക്കുന്നതിലൂടെയും ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയും ഭാഷ പ്രയോഗ നൈപുണികളിലൂടെയും മാത്രമേ ഇത് സഹായത്തമാക്കാൻ കഴിയുകയുള്ളൂ. ഇതിനായി പാഠഭാഗങ്ങൾ ആസൂത്രണം ചെയ്തു പരിശീലനം സംഘടിപ്പിക്കുന്നു കൂടാതെ ചെറിയ ക്ലാസുകളിൽ നിന്ന് തന്നെ കുട്ടികളെ സമർത്ഥരാക്കാനുള്ള പ്രവർത്തനങ്ങൾ | June - Feb | SRG, 4th Std. Teachers | Teachers/PTA |
| 18 | പഠന യാത്രകൾ - യാത്രകൾ ആസ്വദിക്കുന്നതിനോടൊപ്പം തുടർ പ്രവർത്തനമായി അനുഭവ വിവരണം ഡയറിക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു | February | PTA | Teachers/PTA |
| 19 | ഉല്ലാസ ഗണിതം - പഠനോപകരണങ്ങൾ ഉപയോഗിച്ച് രസകരമായ രീതിയിൽ ഗണിത ചിന്ത വളർത്തുന്ന വിധം കുട്ടികളെ പരിശീലിപ്പിക്കുന്നു | September | Club | Teachers/PTA |
| 20 | ഇംഗ്ലീഷ് ഫെസ്റ്റ് - ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളിലൂടെ കുട്ടികൾ സ്വായത്തമാക്കിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു | February | Club | Teachers/PTA |
| 21 | പഠനോത്സവം - വിദ്യാഭ്യാസ പ്രഗൽ ഹർജിച്ച് അറിവുകൾ നൈബുണികൾ മനോഭാവങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ആവിഷ്കാരങ്ങളുടെ വേദിയാണ് പഠനോത്സവം .ക്ലാസ് മുറികളിൽ നിന്നും കുട്ടികൾ നേടിയ അറിവുകൾ കഴിവുകൾ ആഹ്ളാദത്തോടെ പ്രകടിപ്പിക്കുന്ന ഉത്സവമാണ് പഠനോത്സവം | March | Teachers, PTA | Teachers/PTA |

# അക്കാദമിക മാസ്റ്റർപ്ലാൻ

സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് വേണ്ട ഇടപെടലുകളിലൂടെ ഓരോരുത്തരുടെയും വ്യക്തിപരമായ മികവുകളും കഴിവുകളും പരമാവധി പരിപോഷിപ്പിക്കുകയാണ് വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം സമന്വയത്തിലൂടെ അടുത്ത തലമുറയെ സാമൂഹിക ബോധമുള്ള പൗരനും മെച്ചപ്പെട്ട മനുഷ്യരുമായി വാർത്തെടുക്കുന്നതിനുള്ള ശ്രമമാണിത് ഇതിനായി ഓരോ ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം അളക്കേണ്ടതുണ്ട്

## <u>പ്രീ ടെസ്റ്റ്</u>

ഗണിതശാസ്ത്രം ഭാഷാശേഷികൾ എന്നീ മേഖലകളിൽ കുട്ടി നേടിയിട്ടുള്ള ശേഷികൾ നിരവധി പഠനപ്രവർത്തനങ്ങളിലൂടെ അധ്യാപകൻ കണ്ടെത്തി രേഖപ്പെടുത്തുന്നു തുടർന്നുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിന് ഇത് അധ്യാപകനെ സഹായിക്കും.

## <u>പരിസ്ഥിതി ദിനം</u>

പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആണ് പരിസ്ഥിതി ദിനം ആഘോഷിക്കുന്നത് പരിസരം മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടാതെ സ്കൂളിൽ ഒരു പച്ചക്കറി തോട്ടം വിഭാവനം ചെയ്യുന്നു

## <u>വായനാദിനം</u>

ഒരാഴ്ച നീണ്ടുനിൽക്കുന്ന വായന വാരത്തിലൂടെ നിരവധി പരിപാടികൾ നടപ്പിലാക്കുന്നു. ലോക പുസ്തക ദിന മാകുമ്പോഴേക്കും കുട്ടികൾ 25 പുസ്തകം എങ്കിലും വായിച്ച് കുറിപ്പുകൾ എഴുതി സൂക്ഷിക്കുക എന്നതാണ് ഈ പരിപാടി കൊണ്ട് ലക്ഷ്യമാക്കുന്നത്. 3, 4 ക്ലാസുകളിലെ കുട്ടികൾ സമീപ ഗ്രന്ഥശാലയിൽ അംഗത്വം എടുക്കുക കൂടി ചെയ്യുന്നു

## <u>ശില്പശാല</u>

ചിത്രരചന ശില്പശാല സംഘടിപ്പിക്കുന്നു കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുകയും ചെയ്യുന്നു

**<u>ചാന്ദ്രദിനം</u>**

ചന്ദ്രനെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതിനായി ചിത്രരചന മോഡൽ നിർമ്മാണം ചാന്ദ്രദിന ക്വിസ് ചുമർപത്രിക തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു

**<u>ക്ലബ്ബ് പ്രവർത്തനങ്ങൾ</u>**

ശാസ്ത്ര ക്ലബ്ബ് ഗണിത ക്ലബ്ബ് ഇംഗ്ലീഷ് ക്ലബ്ബ് ആരോഗ്യ ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

**<u>കമ്മ്യൂണിക്കേറ്റ് ഇംഗ്ലീഷ്</u>**

പഠിതാക്കളെ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി പരിശീലനം നൽകുന്നു ഇതിനായി ഗെയിമുകൾ റോൾപ്ലേകൾ പരിശീലന ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു

**<u>കൈയ്യക്ഷരം മനോഹരം</u>**

വൃത്തിയോടെയും വടിവോടെയും എഴുതാൻ കുട്ടികളെ സഹായിക്കുന്ന പ്രവർത്തനം ഇതിനായി നിരന്തര പരിശീലനം സംഘടിപ്പിക്കുന്നു

**<u>പിറന്നാളിന് ഒരു പുസ്തകം</u>**

മിഠായി വിതരണം പ്രോത്സാഹിപ്പിക്കാതെ പിറന്നാളിന് സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു

**<u>ആരോഗ്യ ബോധവൽക്കരണം</u>**

ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു, ചെറു വ്യായാമമുറകൾ ഏറോബിക് ഡാൻസ് എന്നിവ പരിശീലിപ്പിക്കുന്നു

**<u>പഠനോപകരണ ശില്പശാല</u>**

ഓരോ ക്ലാസിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലനത്തിലൂടെ നിർമ്മിക്കുന്നു

**<u>സാഹിത്യ ശില്പശാല</u>**

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ കഥ കവിത രചന ശില്പശാലകൾ പുസ്തക ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു

## മുന്നേറ്റം

ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതിനായി നൽകുന്ന പ്രവർത്തനം അക്ഷരക്കാരുടെ വാക്യനിർമാണം ചിത്രത്തിൽ നിന്നും കഥ ബാക്കി എഴുതാൻ കഥാവായന തുടങ്ങിയവ സംഘടിപ്പിക്കുന്നു ഇതിനായി രാവിലെ 9 മുതൽ 9:30 വരെയും വൈകിട്ട് 3:30 മുതൽ 4 വരെയും ഉള്ള സമയം വിനിയോഗിക്കുന്നു

## എൽ എസ് എസ് പരിശീലനം

കുറഞ്ഞ കാലത്തെ പരിശീലനം കൊണ്ട് നേടിയെടുക്കാൻ ആവുന്ന സ്കോളർഷിപ്പ് അല്ല എൽ എസ് എസ് കുട്ടികൾ നേടിയ അറിവ് പ്രയോഗിക്കുന്നതിലൂടെയും ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയും ഭാഷ പ്രയോഗ നൈപുണികളിലൂടെയും മാത്രമേ ഇത് സഹായത്തമാക്കാൻ കഴിയുകയുള്ളൂ. ഇതിനായി പാഠഭാഗങ്ങൾ ആസൂത്രണം ചെയ്തു പരിശീലനം സംഘടിപ്പിക്കുന്നു കൂടാതെ ചെറിയ ക്ലാസുകളിൽ നിന്ന് തന്നെ കുട്ടികളെ സമർത്ഥരാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നു

## പഠന യാത്രകൾ

യാത്രകൾ ആസ്വദിക്കുന്നതിനോടൊപ്പം തുടർ പ്രവർത്തനമായി അനുഭവ വിവരണം ഡയറിക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു

## ഹലോ ഇംഗ്ലീഷ്

ഇംഗ്ലീഷ് പാഠഭാഗങ്ങൾ അവതരണ രീതിയിൽ പഠിപ്പിക്കുകയും നിരവധി കളികളിലൂടെയും മറ്റു രസകരമായ പ്രവർത്തനങ്ങളിലൂടെയും ഇംഗ്ലീഷിൽ കുട്ടികളുടെ പ്രാവീണ്യം വർധിപ്പിക്കുന്നു

## ഉല്ലാസ ഗണിതം

പഠനോപകരണങ്ങൾ ഉപയോഗിച്ച് രസകരമായ രീതിയിൽ ഗണിത ചിന്ത വളർത്തുന്ന വിധം കുട്ടികളെ പരിശീലിപ്പിക്കുന്നു

## ഇംഗ്ലീഷ് ഫെസ്റ്റ്

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളിലൂടെ കുട്ടികൾ സ്വായത്തമാക്കിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു

**<u>പഠനോത്സവം</u>**

വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവുകൾ നൈപുണികൾ മനോഭാവങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള ആവിഷ്കാരങ്ങളുടെ വേദിയാണ് പഠനോത്സവം . ക്ലാസ് മുറികളിൽ നിന്നും കുട്ടികൾ നേടിയ അറിവുകൾ കഴിവുകൾ ആഹ്ളാദത്തോടെ പ്രകടിപ്പിക്കുന്ന ഉത്സവമാണ് പഠനോത്സവം

******